# GOVERNMENT OF KERALA
**GENERAL EDUCATION DEPARTMENT**

# K.G.T. EXAMINATION
# COMMERCE GROUP
# OCTOBER - 2011

## NOTIFICATION

**OFFICE OF THE COMMISSIONER**
**FOR GOVERNMENT EXAMINATIONS**
**PAREEKSHA BHAVAN, THIRUVANANTHAPURAM**

# <u>വിദ്യാഭ്യാസ വകുപ്പ്</u>

# <u>വിജ്ഞാപനം</u>

ഇഎക്സ്/എച്ച്6/44899/11/സി.ജി.ഇ. 19/08/2011

## കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ- കോമേഴ്സ് ഗ്രൂപ്പ് ഒക്ടോബർ 2011. (പുതിയ സിലബസ്)

കോമേഴ്സ് ഗ്രൂപ്പിൽപ്പെട്ട താഴെ പറയുന്ന വിഷയങ്ങൾക്കുവേണ്ടിയുള്ള കേരളാ ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ 2011 <u>ഒക്ടോബർ മാസം 24-ാം തീയതി</u> തിങ്കൾ മുതൽ ആരംഭിക്കുന്നതായിരിക്കും. 16-8-2001-ലെ ജി.ഒ.(എം.എസ്സ്) നമ്പർ 96/2001/ഹയർ എഡ്യൂക്കേഷൻ പ്രകാരം പുതുക്കിയ സിലബസ് അനുസരിച്ചായിരിക്കും പരീക്ഷ നടത്തുക. 12-5-1994-ലെ ഗവ. ഉത്തരവ് ജി.ഒ. (എം. എസ്) 88/94 ഉ. വി. പ്രകാരം ഹിന്ദി ടൈപ്പ്റൈററിംഗ് പരീക്ഷയും കെ. ജി .ടി. ഇ കോമേഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**2011 ഒക്ടോബർ പരീക്ഷ മുതൽ 09/11/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 369/10/ഉ.വി.വ. പ്രകാരം മലയാളം ടൈപ്പ്റൈറ്റിംഗ് പരീക്ഷയോടൊപ്പം മലയാളം വേഡ് പ്രോസസിംഗ് പരീക്ഷയും ഉൾപ്പെടുത്തിയിരിക്കുന്നു. പരാജയപ്പെട്ട വിഷയത്തിനുമാത്രം പരീക്ഷ എഴുതാവുന്നതാണ്. ഈ വിജ്ഞാപനം മുതൽ പുതിയ ഫോമിലായിരിക്കണം അപേക്ഷിക്കേണ്ടത്.**

പരീക്ഷ ടൈംടേബിൾ നാലാം അനുബന്ധമായും പരീക്ഷാ കേന്ദ്രങ്ങളുടെ വിവരങ്ങൾ അഞ്ചാം അനുബന്ധമായും ചേർത്തിരിക്കുന്നു.

| **വിഷയങ്ങൾ** - | **ഗ്രേഡുകൾ** |
|---|---|
| 1.ടൈപ്പ്റൈററിംഗ്-ഇംഗ്ളീഷ് | ലോവർ/ഹയർ/ഹൈസ്പീഡ്. |
| 2.ടൈപ്പ്റൈററിംഗ്-മലയാളം | ലോവർ/ഹയർ |
| 3.ടൈപ്പ്റൈററിംഗ്-ഹിന്ദി | ലോവർ/ ഹയർ |
| 4.ഷോർട്ട്ഹാൻഡ്-ഇംഗ്ളീഷ് | ലോവർ/ഹയർ/ഹൈസ്പീഡ് |
| 5.ഷോർട്ട്ഹാൻഡ്-മലയാളം | ലോവർ/ഹയർ (അരൂൾ, പണ്ടാല സിസ്റ്റങ്ങളിൽ മാത്രം) |

ഈ ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് ഓരോ പേപ്പറിനും ചുരുങ്ങിയത് നാൽപ്പത് ശതമാനം മാർക്ക് ലഭിച്ചാൽ മാത്രമേ വിജയിക്കുകയുള്ളൂ (സെക്കന്റ് ക്ലാസ്സ്). ഫസ്റ്റ് ക്ലാസ്സ് ലഭിക്കുന്നതിന് ഓരോ പേപ്പറിനും ചുരുങ്ങിയത് എഴുപത്തിയഞ്ച് ശതമാനം മാർക്ക് ലഭിച്ചിരിക്കണം.

| **പരീക്ഷാ ഫീസ്** | | **രൂപ** |
|---|---|---|
| 1 ടൈപ്പ്റൈറ്റിംഗ് | ഇംഗ്ളീഷ്/മലയാളം/ഹിന്ദി-ലോവർ | 60 |
| 2 ടൈപ്പ്റൈററിംഗ് | ഇംഗ്ളീഷ്/മലയാളം/ഹിന്ദി-ഹയർ | 75 |
| 3 ടൈപ്പ്റൈററിംഗ് | ഇംഗ്ളീഷ്-ഹൈസ്പീഡ് | 75 |
| 4 ഷോർട്ട്ഹാൻഡ് | ഇംഗ്ളീഷ്/മലയാളം-ലോവർ | 45 |
| 5 ഷോർട്ട്ഹാൻഡ് | ഇംഗ്ളീഷ്/മലയാളം-ഹയർ | 60 |
| 6 ഷോർട്ട്ഹാൻഡ് | ഇംഗ്ളീഷ്-ഹൈസ്പീഡ് | 75 |

ടൈപ്പ്റൈററിംഗ് ഇംഗ്ലീഷ് ലോവർ/ ഹയർ പരീക്ഷകളുടെ മൂന്നാം പേപ്പറായ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗിന്റ ഫീസുകൾ അതാത് എൽ. ബി. എസ്സ് സെന്ററുകളിൽ അടച്ച് പരീക്ഷയ്ക്ക് ഇരിക്കാവുന്നതാണ്. ലോവറിന് 100 രൂപയും ഹയറിന് 150 രൂപയുമാണ് ഫീസ്.

## നിശ്ചിത തീയതികൾ

1. ഫൈനില്ലാതെ ഫീസ് അടയ്ക്കാവുന്ന അവസാന തീയതി.:**01/09/2011-12/09/2011തിങ്കൾ**

2. 10 രൂപ ഫൈനോടുകൂടി ഫീസ് അടയ്ക്കേണ്ട അവസാന തീയതി :**14/09/2011 ബുധൻ**

3. അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ലഭിക്കേണ്ട അവസാന തീയതി **15/09/2011 വ്യാഴം വൈകുന്നേരം 5 മണി.**

**15/09/2011** വൈകുന്നേരം 5 മണിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകമായ അറിയിപ്പുകൾ കൂടാതെ നിരസിക്കുന്നതായിരിക്കും.

## പരീക്ഷാഫീസും മറ്റുഫീസുകളും അടയ്ക്കേണ്ട രീതി.

ഈ വിജ്ഞാപനത്തിന്റെ തീയതിക്കു മുമ്പോ നിശ്ചിത തീയതിക്കു ശേഷമോ പരീക്ഷാഫീസ് അടയ്ക്കുവാൻ പാടില്ല. പരീക്ഷാ ഫീസ്, " 0202-01-102-99 എക്സാമിനേഷൻ ഫീസ്" എന്ന അക്കൗണ്ട് ഹെഡിലും മറ്റു കാര്യങ്ങൾക്കായുള്ള ഫീസ് "0202-01-102-92 അദർ റസീപ്റ്റ്സ്" എന്ന അക്കൗണ്ട് ഹെഡിലും അടയ്ക്കേണ്ട താണ്. <u>ഭാഗികമായി ഫീസ് അടയ്ക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പരീക്ഷാ ഫീസ് ഈ ഓഫീസിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.</u>

## മറ്റു കാര്യങ്ങൾക്കായുള്ള ഫീസ് നിരക്കുകൾ.

1. ഏതെങ്കിലും സാഹചര്യത്തിൽ അഡ്മിഷൻ ടിക്കറ്റു നഷ്ടപ്പെട്ടു പോയാൽ ഡ്യൂപ്ലിക്കേറ്റ് അഡിമിഷൻ ടിക്കറ്റിനു വേണ്ടി 10 രൂപ ഫീസടച്ച് അസൽ ചെലാൻ രസീതും ഫോട്ടോ പതിച്ച് ശരിയായി പൂരിപ്പിച്ച് ഗസറ്റഡ് ഓഫീസറെ കൊണ്ട് അറ്റസ്റ്റ് ചെയ്യിപ്പിച്ച് ടിക്കറ്റിന്റെ ഫാറവും സഹിതം നിർദ്ദിഷ്ട ഫാറത്തിൽ ചീഫ് സൂപ്രണ്ടിന്റ ശുപാർശയോടെ അപേക്ഷിക്കേണ്ടതാണ്. (നിർദ്ദിഷ്ട ഫാറത്തിന് അനുബന്ധം 3(2) കാണുക).

2. തിയറി പേപ്പറുകൾക്ക് പരാജയപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് മാർക്കുകളുടെ റീകൗണ്ടിംഗിന് ഓരോ പേപ്പറിനും 50 രൂപ ക്രമത്തിൽ ഫീസടച്ച് ഫലം പ്രസിദ്ധപ്പെടുത്തി പതിനഞ്ചു ദിവസത്തിനുള്ളിൽ അപേക്ഷിക്കാവുന്നതാണ്. പരീക്ഷകർ ഇട്ട മാർക്കു കൾ കൂട്ടിയതിലോ എടുത്തെഴുതിയപ്പോഴോ ഉള്ള തെറ്റ്, ഏതെങ്കിലും ഉത്തരത്തിൽ മാർക്ക് രേഖപ്പെടുത്താതെ വന്ന കാര്യം എന്നിവ മാത്രമേ റീ കൗണ്ടിംഗിൽ പരിശോധിക്കുകയുള്ളൂ. ഉത്തരക്കടലാസുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതല്ല. അനുബന്ധം 3 (1), ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമേ റീകൗണ്ടിംഗിനു വേണ്ടി അപേക്ഷ അയയ്ക്കാവൂ.

3. കെ.ജി.ടി. കോമേഴ്സ് പരീക്ഷയ്ക്ക് ലഭിക്കുന്ന സർട്ടിഫിക്കററ് ഏതെങ്കിലും സാഹചര്യത്തിൽ നഷ്ടപ്പെടുകയോ ഉപയോഗ രഹിതമായ നിലയിൽ കേടുവരികയോ ചെയ്താൽ 200(ഇരുന്നൂറ് രൂപ) അടച്ച്, ഗവൺമെന്റ പരീക്ഷാ കമ്മിഷണർ ആഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിയ്ക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റും നഷ്ടപ്പെട്ടാൽ ട്രിപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഫീസ് 500 (അഞ്ഞൂറ്) രൂപയാണ്.

ഈ പരീക്ഷയെ സംബന്ധിച്ച എല്ലാ കത്തുകളും **"സെക്രട്ടറി , പരീക്ഷാകമ്മിഷണർ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര,തിരുവനന്തപുരം-695 012"** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

<u>സ്വന്തം ഉത്തരവാദിത്വത്തിൽ മാത്രമേ ഒന്നിലധികം പരീക്ഷാർത്ഥികൾക്ക് ഒരു ചെല്ലാൻ രസീതിൽ ഫീസ് അടയ്ക്കാൻ പാടുള്ളൂ.</u>

ഭാഗികമായി ഫീസ് അടയ്ക്കാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. <u>ഫീസ് അടയ്ക്കുമ്പോൾ താഴെ പറയുന്ന സ്റ്റേറ്റുമെന്റുകൾ കൂടി അപേക്ഷകൾക്കൊപ്പം അയച്ചിരിക്കണം.</u> സ്റ്റേറ്റുമെന്റില്ലാത്ത ഒരപേക്ഷയും സ്വീകരിക്കുന്നതല്ല.

## സേറ്റ്മെന്റ്-1

1. ഓരോ വിഷയത്തിനും ഹാജരാകുന്ന കുട്ടികളുടെ എണ്ണം.
2. ഓരോ വിഷയത്തിനും ഫീസ് സൗജന്യത്തിനർഹരായവർ.
3. ഓരോ വിഷയത്തിനും ഫൈനില്ലാതെ ഫീസടച്ചവരുടെ എണ്ണവും തുകയും ഫൈനോടുകൂടി ഫീസടച്ചവരുടെ എണ്ണവും തുകയും.

## സ്റ്റേറ്റുമെന്റ് -2.

ഓരോ ചെല്ലാൻ രസീതിന്റെയും തീയതി,, നമ്പർ ,തുക ,ട്രഷറി ഇവ.

## സ്റ്റേറ്റുമെന്റ്-3

ഫീസ് സൗജന്യത്തിന് അർഹരായവരുടെ പേരുവിവരം,വിഷയം, ഗ്രേഡ്

## സ്റ്റേറ്റുമെന്റ്-4

എല്ലാ പരീക്ഷാർത്ഥികളുടെയും പേര്,ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ ആൺ-പെൺ വിഭാഗമായി വേർതിരിച്ച് എഴുതേണ്ടതാണ്. ഈ ക്രമത്തിൽ അപേക്ഷകളും അടുക്കിവയ്ക്കേണ്ടതാണ്.

എല്ലാ അസ്സൽ ചെല്ലാൻ രസീതുകളും ഈ സ്റ്റേറ്റുമെന്റുകൾക്കൊപ്പം തുന്നികെട്ടിയിരിക്കണം.

ഓരോ ഇൻസറ്റിറ്റ്യൂട്ടിൽ നിന്നും ഒന്നിലധികം പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടി ഒരേ ചെല്ലാനിൽ ഫീസടയ്ക്കുവാൻ പാടില്ല.

ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന <u>അപേക്ഷകൾ പ്രത്യേകം അറിയിപ്പു കൂടാതെ നിരസ്സിക്കുന്നതായിരിക്കും. പരീക്ഷയ്ക്കുശേഷമോ ഫലപ്രസിദ്ധീകരണത്തിനു ശേഷമോ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാലും അവരുടെ പരീക്ഷയിലെ പങ്കെടുപ്പ് റദ്ദാക്കുന്നതും അവരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതുമാണ്. ഒരു കാരണ വശാലും അപേക്ഷ അയച്ചതിനുശേഷം പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഏതെങ്കിലും ഒരുപരീക്ഷാ കേന്ദ്രത്തിൽ ഈ വിജ്ഞാപനത്തിൽ കൊള്ളിച്ചിരിക്കുന്ന എല്ലാ വിഷയങ്ങൾക്കും പരീക്ഷ നടത്താൻ സാധിക്കാതെ വന്നാൽ, അതേ കേന്ദ്രത്തിൽ പരീക്ഷ നടത്താത്ത വിഷയങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യപ്പെട്ടവർ,പരീക്ഷാ കമ്മിഷണറുടെ സെക്രട്ടറി നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ബാധ്യസ്ഥരാണ്.</u>

ഗവ. ഓർഡർ നമ്പർ ജി. ഒ.(എം.എസ്) 286/83/H. Edn.dated 25-11-1983 പ്രകാരം ഒറ്റകൈ കൊണ്ട് ടൈപ്പ് ചെയ്യുന്ന വികലാംഗരായ പരീക്ഷാർത്ഥികൾക്ക് മണിക്കൂറിൽ 15 മിനിട്ട് അധിക സമയം അനുവദിക്കുന്നതാണ്. പ്രസ്തുത പരീക്ഷാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് ചീഫ് സൂപ്രണ്ട് മുമ്പാകെ ഹാജരാകേണ്ടതാണ്. G.O.Ms116/72 dated 16/8/1972 പ്രകാരം ബധിരരും മൂകരുമായ പരീക്ഷാർത്ഥികൾക്ക് 25% അഡിഷണൽ മാർക്ക് നൽകുന്നതാണ്. ഇതിനായി ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റു സഹിതം പ്രത്യേക അപേക്ഷ, അപേക്ഷാ ഫാറത്തോടൊപ്പം സമർപ്പിച്ച് മുൻകൂട്ടി അനുമതി വാങ്ങേണ്ടതാണ്.

## ഫീസ് സൗജന്യത്തിന് അർഹതയുള്ളവർ

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും കുടുംബി സമുദായക്കാർക്കും ഈ വിഭാഗങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മത പരിവർത്തനം നടത്തിയിട്ടുള്ളവർക്കും ഓരോ വിഷയത്തിനും പരമാവധി രണ്ട് പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കും. ആദ്യം പരീക്ഷ എഴുതി മുന്നു വർഷത്തിനുള്ളിലാണെങ്കിൽ മാത്രമേ രണ്ടാം പ്രാവശ്യം സൗജന്യത്തിന് അർഹതയുള്ളൂ. ജാതി എസ്.എസ്.എൽ.സി. യിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട തഹസീൽദാരിൽനിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

ഫീസ് സൗജന്യത്തിന് വേണ്ടി താഴെ കാണിച്ചിരിക്കുന്ന രീതിയിൽ വിദ്യാർത്ഥി തന്നെ അപേക്ഷയോടൊപ്പം ഒരു സത്യവാങ്മൂലം ഒപ്പിട്ട് നൽകിയിരിക്കണം.

## സത്യവാങ്മൂലം

ഞാൻ പട്ടികജാതി/പട്ടികവർഗ്ഗ/കുടുംബി /...................................................................... വിഭാഗത്തിൽനിന്നും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ /വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ്.അതുകൊണ്ട് എനിക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ട്.

1. കെ.ജി.ടി ...........................................................................................................
(വിഷയത്തിന്റ പേര്,ഗ്രേഡ്)
ഞാൻ ആദ്യമായാണ് പരീക്ഷയെഴുതുവാൻ അപേക്ഷിക്കുന്നത്/രണ്ടാംപ്രാവശ്യമാണ്. ആദ്യം അപേക്ഷിച്ചത് ....................................................................ആകുന്നു.

തീയതി......................................     പരീക്ഷാർത്ഥിയുടെ പേരും ഒപ്പും

തിരുവന്തപുരം ശ്രീചിത്രാഹോമിലെ അന്തേവാസികൾക്ക് തുടർച്ചയായി രണ്ടു പ്രാവശ്യം ഫീസ് സൗജന്യത്തിന് അർഹതയുണ്ട്. ഇതിനുവേണ്ടി ശ്രീചിത്രാ ഹോമിലെ സൂപ്രണ്ട് താഴെ കാണുന്ന സത്യവാങ്മൂലം ഓരോ പരീക്ഷാർത്ഥിക്കും നൽകണം.

## സത്യവാങ്മൂലം

........................................................................................................(കുട്ടിയുടെ പേര്)ആദ്യമാണ്/
രണ്ടാംപ്രാവശ്യമാണ്..............................................................കെ.ജി.ടി....................
...............................................................................(വിഷയം/ഗ്രേഡ്)പരീക്ഷയ്ക്ക്
അപേക്ഷിക്കുന്നത്.

സൂപ്രണ്ട്

തീയതി ....................     ശ്രീ ചിത്രഹോം

മുൻപ് പരീക്ഷയ്ക്ക് ചേരുവാൻ അപേക്ഷിക്കുകയും എന്നാൽ ഹാജരാവാതിരിക്കുകയും ചെയ്യുന്നതും ഒരു ചാൻസായി കണക്കാക്കും.

<u>ഫീസ് സൗജന്യത്തിനുവേണ്ടി വാസ്തവവിരുദ്ധമായ സത്യവാങ്മൂലം നൽകുന്ന പരീക്ഷാർത്ഥികളെ സ്ഥിരമായോ താൽകാലികമായോ ഈ ബോർഡ് നടത്തുന്ന പരീക്ഷ കളിൽ പങ്കെടുക്കുന്നതിന് അയോഗ്യത കൽപിക്കുന്നതാണ്.</u>

# പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസയോഗ്യതകൾ.

**(എ) ജനറൽ.**

1. ഷോർട്ട് ഹാൻഡിന്റെയോ ടൈപ്പ്റൈറ്റിംഗിന്റെയോ ലോവർ ഗ്രേഡിന് എസ്.എസ്.എൽ.സി. പഠനം പൂർത്തിയായിരിക്കണം.
2. ഹയർ/ഹൈസ്പീഡുകൾക്ക് എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളവർ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

**(ബി) ടെക്നിക്കൽ.**

അതാത് വിഷയത്തിൽ/ഗ്രേഡിൽ സിലബസ്സനുസ്സരിച്ച് ആവശ്യമായ പ്രാവീണ്യവും പരിജ്ഞാനവും ഉണ്ടായിരിക്കുന്നതിനു പുറമെ, അതാത് ഗ്രേഡിൽ താഴെപ്പറയുന്ന സാങ്കേതിക വിജ്ഞാനവും ഉണ്ടായിരിക്കണം.

1. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ ഗ്രേഡിന് മിനിട്ടിൽ 30 വാക്കുകളും മലയാളം 25 വാക്കുകളും ഹിന്ദി 20 വാക്കുകളും ടൈപ്പ് ചെയ്യാനുള്ള വേഗത, ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർ ഗ്രേഡിന് 45 വാക്കുകളും ഹൈസ്പീഡിന് ആകെ 10 മിനിട്ടുകൊണ്ട് 3375 സ്ട്രോക്കും മലയാളം ടൈപ്പറൈറ്റിംഗ് ഹയർ ഗ്രേഡിന് 35 വാക്കുകളും ഹിന്ദി ടൈപ്പ്റൈറ്റിംഗ് ഹയർ ഗ്രേഡിന് 35 വാക്കുകളുമാണ് ടൈപ്പുചെയ്യാനുള്ള വേഗത.

2. ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ലോവർ ഗ്രേഡിന് മിനിട്ടിൽ 80 വാക്കുകളും ഹയർഗ്രേഡിന് 120 വാക്കുകളും ആണ്. ഹൈസ്പീഡിന് ഹയർ ഗ്രേഡും പാസായിരിക്കണം. എന്നാൽ ടൈപ്പ്റൈറ്റിംഗ് ഒരു വിഷയമായി എസ് എസ്.എൽ. സി പാസായവരെ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർഗ്രേഡിന് ചേരുന്നതിന് കർണാടക സെക്കണ്ടറി എഡ്യൂക്കേഷൻ ബോർഡ് നടത്തുന്ന ടൈപ്പ്റൈറ്റിംഗും, ഷോർട്ട്ഹാൻഡും ജൂനിയർ ഗ്രേഡും സീനിയർ ഗ്രേഡും പാസ്സായവർക്ക് യഥാക്രമം കെ.ജി.റ്റി. ടൈപ്പ്റൈറ്റിംഗും ഷോർട്ട്ഹാൻഡും ഇംഗ്ലീഷ് ഹയർ ഹൈസ്പീഡ് ഗ്രേഡുകൾക്കും മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ പരീക്ഷ എഴുതാവുന്നതാണ്. ഏതെങ്കിലും ഒരു വിഷയത്തിന് നിയമവിധേയമായിനേരത്തെ എഴുതി തോറ്റവർക്കും വീണ്ടും അതേ വിഷയത്തിന് തന്നെ അപേക്ഷിക്കാവുന്നതാണ്.

## (സി) കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ്

പുതിയ സിലബസ് പ്രകാരം കേരളാ സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ,ഹയർ) പരീക്ഷകൾക്ക് മൂന്നാം പേപ്പറായി കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഉൾക്കൊള്ളിച്ചിരിക്കുന്നു. കേരളാ സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ) പരീക്ഷ മുമ്പ് പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ മാത്രമായി അപേക്ഷിക്കാവുന്നതാണ്. കേരളാ സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം ഹയറും കംമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവറും പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഹയർ പരീക്ഷയ്ക്ക് മാത്രമായി അപേക്ഷിക്കാവുന്നതാണ്.

**മലയാളം വേഡ് പ്രോസസിംഗ് പരീക്ഷയ്ക്ക് 'ഭാഷ' എന്ന മലയാളം ടൈപ്പ്റൈറ്റിംഗ് കീ ബോർഡ് ആയിരിക്കും.** കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് പരീക്ഷ എൽ. ബി. എസ്- ന്റെ വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്.

## അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ.

**ഈ വിജ്ഞാപനം മുതൽ പുതിയ ഫോമിലായിരിക്കണം അപേക്ഷിക്കേണ്ടത്.** അല്ലാതെ വരുന്ന അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. അപേക്ഷ പരീക്ഷ വിജ്ഞാപനത്തോടൊപ്പവും, പരീക്ഷാഭവന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

**അപേക്ഷാ** ഫാറം, പരീക്ഷാർത്ഥിയുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ് ഇവയുടെ മാതൃകകൾ ഒന്നും രണ്ടും മൂന്നും അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്. അപേക്ഷാ ഫാറം പ്രത്യേകം വിതരണം ചെയ്യുന്നതല്ല. **അപേക്ഷകൾ പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാഫാറങ്ങൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 15/09/2011 വൈകുന്നേരം 5 മണിക്ക് മുമ്പ് എത്തിക്കേണ്ടതാണ്.**

1. എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കണം. ക്രമനമ്പർ , അഡ്മിഷൻ നമ്പർ തുടങ്ങിയവ -അപേക്ഷാ ഫാറത്തിന്റ മുകളിൽ എഴുതുവാൻ പാടില്ല.
2. പരീക്ഷാർത്ഥിയുടെ പേര് അപേക്ഷാ ഫാറത്തിലും മറ്റു രേഖകളിലും എസ്. എസ് എൽ. സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അക്ഷരങ്ങളിൽ അതേ ക്രമത്തിൽ ഇംഗ്ളീഷ് അച്ചടി അക്ഷരത്തിൽ എഴുതണം. അപേക്ഷയിൽ തെറ്റായി പേരുകൾ എഴുതുന്നതുവഴി കെ.ജി.ടി.ഇ സർട്ടിഫിക്കറ്റുകളിലും തെറ്റുവരാൻ സാദ്ധ്യതയുണ്ട്.
3. എസ്. എസ് എൽ. സി ബുക്ക് ലഭിച്ചതിനുശേഷം വരുന്ന പേരുമാറ്റങ്ങൾ കേരളാ ഗവൺമെന്റ് ഗസറ്റുവഴിയല്ലെങ്കിൽ സ്വീകാര്യമല്ല.
4. നേരത്തെ എഴുതി തോറ്റ വിഷയത്തിന് ഇപ്പോൾ വീണ്ടും അപേക്ഷിക്കുകയാണെങ്കിൽ നേരത്തെ ഹാജരായ രജിസ്റ്റർ നമ്പർ, മാസം, വർഷം ഇവ കോളം 12-ൽ രേഖപ്പെടുത്തണം.
5. ഗവൺമെന്റ് അംഗീകൃത സമ്പ്രദായങ്ങളിൽ മാത്രമേ ഇംഗ്ലീഷിലും മലയാളത്തിലും ഷോർട്ട് ഹാൻഡിന് ഹാജരാകുവാൻ അനുവാദമുള്ളൂ. ഗവൺമെന്റ് അംഗീകരിക്കാത്ത സമ്പ്രദായങ്ങളിൽ പരീക്ഷ എഴുതുവാൻ അയയ്ക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേകമായി അറിയിപ്പുകൾ കൂടാതെ നിരസ്സിക്കുന്നതായിരിക്കും. <u>ഷോർട്ട്ഹാന്റ പരീക്ഷയ്ക്ക് ചേരുന്നവർ കോളം 12-ബി യിൽ എഴുതുവാൻ ഉദ്ദേശിക്കുന്ന സമ്പ്രദായത്തിന്റ പേര് രേഖപ്പെടുത്തിയിരിക്കണം. - പിറ്റുമാൻ, പണ്ടാല, അരുൾ ഇവയിലേതെന്ന്.</u>
6. 10- ാം കോളത്തിൽ ഓരോരുത്തർക്കുംവേണ്ടി അടച്ച ഫീസ് പ്രത്യേകമായിത്തന്നെ രേഖപ്പെടുത്തിയിരിക്കണം. ചെലാൻ നമ്പരും തീയതിയും ട്രഷറിയുടെ പേരും ഒന്നിലധികം പരീക്ഷാർത്ഥികൾക്കുവേണ്ടി ഒരേ ചെലാനിൽ ഫീസടച്ചുവെങ്കിൽ ആ ചെലാനിലെ ആകെ തുകയും അതേ കോളത്തിൽ തന്നെ എഴുതണം.
7. <u>ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും അഡ്മിഷൻ ടിക്കറ്റും ഒരേ ഷീറ്റിൽ തന്നെയായിരിക്കണം.</u>
8. ഓരോ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പ്രത്യേകം പ്രത്യേകമായിത്തന്നെ താഴെ പറയുന്ന ക്രമത്തിൽ ഇളകിപ്പോകാതെ തുന്നിക്കെട്ടിയിരിക്കണം. പിൻ ഉപയോഗിക്കരുത്.

   (1) അപേക്ഷ
   (2) ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും അഡ്മിഷൻ ടിക്കറ്റും
   (3) അസ്സൽ ചെല്ലാൻ രസീതും ഫീസ് സൗജന്യത്തിനു വേണ്ടിയുള്ള സത്യവാങ്മൂലവും, ജാതി സർട്ടിഫിക്കറ്റും (എസ്.എസ് എൽ. സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ തഹസിൽദാരിൽ നിന്ന് ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ആവശ്യമില്ല.
   (4) ജനന തീയതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ അറ്റസ്റ്റുചെയ്ത ശരിപകർപ്പ്

9. ഒരേ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അയയ്ക്കുന്ന അപേക്ഷകളെല്ലാം തന്നെ ഇംഗ്ലീഷ് അക്ഷരക്രമത്തിൽ ആൺകുട്ടികളുടേതും പെൺകുട്ടികളുടേതും വേർതിരിച്ച് അടുക്കിയിരിക്കണം. <u>എല്ലാ അപേക്ഷകളും കൂടി ഒന്നിച്ച് തുന്നിക്കെട്ടരുത്.</u> ഓരോ അപേക്ഷയും പ്രത്യേകം മടക്കുകയോ കവറുകളിലാക്കുകയോ ചെയ്യരുത്.

10. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം **"സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ ആഫീസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012."**

11. <u>അപേക്ഷകളയയ്ക്കുന്ന കവറുകളുടെ പുറത്ത് " കെ.ജി.ടി. കോമേഴ്സ് പരീക്ഷ ഒക്ടോബർ **- 2011** പുതിയ സിലബസ്" എന്ന് നിർബന്ധമായും രേഖപ്പെടുത്തിയിരിണം. സെന്ററിന്റെ പേര്, അപേക്ഷകളുടെ കെട്ടുകളുടെ പുറത്ത് എഴുതുവാൻ വിസ്മരിക്കരുത്.</u>

12. അപേക്ഷാ ഫാറം ഈ ആഫീസ്സിൽ നിന്ന് നൽകുന്നതല്ല. അച്ചടിച്ചതോ ടൈപ്പ് ചെയ്തതോ ആയ ഫാറങ്ങൾ ഉപയോഗിക്കാവുന്നതാണ്. വിദ്യാഭ്യാസ യോഗ്യതാസർട്ടിഫിക്കറ്റുകളുടെ അസ്സലുകൾ അപേക്ഷയോടോപ്പം ഈ ആഫീസിലേക്ക് അയയ്ക്കരുത്.

13. ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യത ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റു കളുടെ ശരിപകർപ്പ് താഴെ പറയുന്നവരാരെങ്കിലും അറ്റസ്റ്റ് ചെയ്തിരിക്കണം. ഗസറ്റഡ് ആഫീസർ, ഹൈ/ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർമാർ, എം.പി., എം.എൽ.എ, അസിസ്റ്റൻറ് എഡ്യുക്കേഷണൽ ഓഫീസർ, ഗവൺമെന്റ്/എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ.

14. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലേയും അഡ്മിഷൻ ടിക്കറ്റിലേയും ഫോട്ടോ മുകളിൽ പറഞ്ഞവരാരെങ്കിലുമോ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ ഇവരാരെങ്കിലുമോ അറ്റസ്റ്റ് ചെയ്തിരിക്കണം.

**. അറ്റസ്റ്റ് ചെയ്യുന്ന ആളിന്റെ ആഫീസ് മുദ്രയോ ഔദ്യോഗിക വിലാസം കാണിക്കുന്ന മുദ്രയോ ഫോട്ടോയിൽ പതിയുവാൻ പാടില്ല.**

15. ഒന്നിലധികം വിഷയങ്ങൾ എഴുതുന്നവർ പ്രത്യേകം അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളതല്ല.

16. ഈ വിഞ്ജാപനത്തിൽ പരാമർശിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല

## അഡ്മിഷൻ ടിക്കറ്റിനെ സംബന്ധിച്ച്

1. പരീക്ഷ തുടങ്ങുന്നതിന് മൂന്ന് ദിവസം മുൻപ് അതാത് പരീക്ഷാകേന്ദ്രത്തിൽ നിന്ന് അഡ്മിഷൻ ടിക്കറ്റ് വിദ്യാർത്ഥികൾക്ക് നേരിട്ട് വിതരണം ചെയ്ത് തുടങ്ങും. പരീക്ഷ ആരംഭിക്കുന്ന ദിവസത്തിന് മുമ്പുതന്നെ അഡ്മിഷൻ ടിക്കറ്റ് വാങ്ങിയിരിക്കണം.

2. പരീക്ഷാ സമയത്ത് അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടായിരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റില്ലാതെ പരീക്ഷക്കിരിക്കുവാൻ ഒരു പരീക്ഷാർത്ഥിയേയും അനുവദിക്കുന്നതല്ല.

## പരീക്ഷയെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ

1. പരീക്ഷാർത്ഥികളുടെ എണ്ണം അനുസരിച്ച് മാത്രമേ ബാച്ച് അനുവദിക്കുകയുള്ളു.
2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ് ലോവർ/ഹയർ ഗ്രേഡുകൾക്ക് ആറ് ബാച്ചും ഹിന്ദി ഹൈ സ്പീഡിന് ഒരു ബാച്ചും ഉണ്ടായിരിക്കും. മലയാളം ലോവറിന് 6 ബാച്ചും ഹയറിന് 4 ബാച്ചും ഹിന്ദി ലോവറിന് 4 ബാച്ചും ഹയറിന് 3 ബാച്ചും ഉണ്ടായിരിക്കും. പരീക്ഷാർത്ഥികൾ നേരിട്ടോ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ വഴിയോ ഏത് ബാച്ചിൽ പരീക്ഷയ്ക്കെഴുതുവാൻ ഉദ്ദേശിക്കുന്നുവെന്ന വിവരം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ നേരത്തേ തന്നെ അറിയിച്ചിരിക്കണം.
3. പരീക്ഷ കഴിഞ്ഞാലുടൻ ടൈപ്പ്റൈറ്റിംഗ് മലയാളം ലോവറിന്റെ 1,3 ബാച്ചുകാരും ഹയറിന് 3-ാം ബാച്ചുകാരും ഇംഗ്ളീഷ് ഹൈസ്പീഡിന്റെ ആദ്യ ബാച്ചുകാരും ചോദ്യക്കടലാസും പരീക്ഷയ്ക്ക് ഉപയോഗിച്ച കാർബൺ പേപ്പറും ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കണം. അടുത്ത ബാച്ചിന്റെ പരീക്ഷ കഴിഞ്ഞാലുടൻ അവ മടക്കി കൊടുക്കുന്നതായിരിക്കും
4. ഷോർട്ട് ഹാൻഡ് പരീക്ഷയ്ക്ക് ഷോർട്ട്നോട്ട് ലോംഗ്ഹാന്റിൽ പകർത്തുവാൻ ആവശ്യമെങ്കിൽ ടൈപ്പ് റൈറ്റർ ഉപയോഗിക്കാവുന്നതാണ്.

5. ടൈപ്പ് റൈറ്റിംഗ് പരീക്ഷയ്ക്ക് ഉത്തരക്കടലാസിൽ ബാച്ച് നമ്പർ, വിഷയം, ഗ്രേഡ്, രജിസ്റ്റർ നമ്പർ ഇവ ടൈപ്പ് ചെയ്യുന്നതിനു പുറമെ രജിസ്റ്റർ നമ്പർ പേന ഉപയോഗിച്ച് ആദ്യ പേജിൽ എഴുതണം. രജിസ്റ്റർ നമ്പർ തെറ്റിച്ചെഴുതി ഫലം തടഞ്ഞു വയ്ക്കേണ്ടി വന്നാൽ അതിന്റെ ഉത്തരവാദിത്വം പരീക്ഷാർത്ഥികളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
6. ഓരോ പേപ്പറിന്റെയും ഉത്തരക്കടലാസുകൾ പ്രത്യേകം തുന്നിക്കെട്ടണം. ഒരു കാരണ വശാലും ഒന്നും രണ്ടും പേപ്പറുകളുടെ ഉത്തരക്കടലാസ് ഒരുമിച്ച് തുന്നിക്കെട്ടരുത്.
7. പരീക്ഷയ്ക്കാവശ്യമായ എല്ലാ ഉപകരണങ്ങളും അവരവർ തന്നെ കൊണ്ടുവരേണ്ടതാണ്.
8. എഴുതിയ കടലാസ്,ബുക്ക്, വരയിട്ട കടലാസ് തുടങ്ങിയ സാധനങ്ങളൊന്നും പരീക്ഷഹാളിൽ കൊണ്ടുവരാൻ പാടില്ല. ഉത്തരങ്ങൾ എഴുതുവാനുള്ള, ടൈപ്പ് ചെയ്യുവാനുള്ള പേപ്പർ വരയിട്ട കടലാസ്, ഷോർട്ട് ഹാന്റ് നോട്ട് ബുക്ക്, ലഡ്ജർ പേപ്പർ, ടായിൻ ഇവ പരീക്ഷാ കേന്ദ്രത്തിൽനിന്നും ലഭിക്കും.
9. പകർച്ചവ്യാധിയുള്ളവരെ പരീക്ഷയ്ക്കിരുത്തുന്നതല്ല.
10. പരീക്ഷ നടന്നുകൊണ്ടിരിക്കെ ഹാൾ വിടുന്ന പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാഹാളിൽ കടക്കുവാൻ അനുവദിക്കുന്നതല്ല.
11. പരീക്ഷ ആരംഭിക്കുന്നതിന് 5 മിനിട്ട് മുമ്പെങ്കിലും പരീക്ഷാർത്ഥികൾ പരീക്ഷഹാളിൽ അവരവരുടെ സീറ്റിൽ ഉണ്ടായിരിക്കണം
12. ഹാളിനുള്ളിൽ നിശബ്ദത പാലിക്കേണ്ടതാണ്. സൂപ്രണ്ടുമാരുടെ നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ അനുസരിക്കണം.
13. അപേക്ഷയിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതായിരിക്കും. തെറ്റായവിവരങ്ങൾ തന്നത് ബോധപൂർവ്വമാണെന്ന് തെളിഞ്ഞാൽ പരീക്ഷർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതാണ്.
**14.** പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുകയോ ഹാളിനുള്ളിലോ പുറത്തോ നിയമവിരുദ്ധമായി പെരുമാറുകയോ ചെയ്യുന്നവർക്കെതിരെ ബന്ധപ്പെട്ടവരിൽനിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കുന്നതായിരിക്കും. ഈ ബോർഡ് നടത്തുന്ന പരീക്ഷകളെ സംബന്ധിക്കുന്ന പൊതു നിയമങ്ങളും നിർദ്ദേശങ്ങളും ഈ പരീക്ഷയ്ക്കും ബാധകമാണ്.

**പരീക്ഷയ്ക്ക് ഉപയോഗിക്കുവാൻ അംഗീകരിച്ചിട്ടുള്ള ടൈപ്പുറൈറ്ററുകൾ**

| | |
|---|---|
| 1. റമിംഗ്ടൺ | 16. വുഡ്സ്റ്റോക്ക് |
| 2. റോയൽ എംപയർ | 17. ഓർഗാ പ്രൈവറ്റ് |
| 3. ബാഡ് ലാക് | 18. ഉറാനിയാ |
| 4. കേപ്പൽ | 19. ഓളിവർ |
| 5. ഐഡിയർ | 20. കോണ്ടിജന്റൽ |
| 6. എറിക്കാ | 21. മൊണാർക്ക് |
| 7. കൊറാണി | 22. എൽ.സി. സ്മിത്ത് ആൻഡ് ബ്രദേഴ്സ് |
| 8. ടോർപ്പിഡോ | 23. ഒളിംബിയ |
| 9. ഗോദറേജ് | 24. ഹെഗ്സ് |
| 10. സ്മിത്ത് പ്രിമിയർ | 25 ബി.ഈ |
| 11. ഇമ്പീരിയൽ | 26. ബ്രട്ടീഷ് എംബയർ |
| 12. മെഴ്സിഡസ് | 27. ഒളിവെട്ടി |
| 13. ഡിമൗണ്ടബിൾ | 28. അണ്ടർവുഡ് |
| 14. ഹാൾഡാ | 29. അഡ്ലർ |
| 15. ആർ. ബി. അല്ലൻ | 30. ഫാസിറ്റ് |

പരീക്ഷാസമയത്ത് ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളെയോ പുറമെ നിന്നുള്ളവരെയോ പരീക്ഷാ ഹാളിലും പരിസരത്തും നിൽക്കുവാൻ അനുവദിക്കുന്നതല്ല.

പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച മറ്റു നിർദ്ദേശങ്ങൾ കമ്മിഷണറുടെ സെക്രട്ടറിയോ അധികാരമുള്ള മറ്റ് ആഫീസറോ നൽകുന്നതായിരിക്കും.

പരീക്ഷാ കമ്മീഷണറുടെ ആഫീസ്,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം

(ഒപ്പ്)
**ജോൺസ് വി. ജോൺ**
**പരീക്ഷാകമ്മീഷണറുടെ സക്രട്ടറി**

## ANNEXURE – 1

**KERALA GOVERNMENT TECHNICAL EXAMINATION (COMMERCE GROUP), COMPUTER WORD PROCESSING OCTOBER 2011**

**CENTRE NO:** 

| | |
|---|---|
| 1.Name of KGTE Examination Centre<br>(The name of school to which hall ticket to be issued) | |
| 2. Name of LBS Centre, if the candidate desires to appear for Computer Word Processing. (If so, the examination fee should be remitted in LBS Centre preferred after collecting hall ticket from examination centre.) | |
| 3.Name of Candidate<br>( In Malayalam & English as given in SSLC book) | |
| 4. Residential Address (with pin code) and contact telephone no. | |
| 5. Name of parent / guardian | |
| 6. Religion and Caste | |
| 7. Age and Date of Birth | |
| 8.Examinations Passed<br>a) General<br>b) Technical (Register No. Month and year) | |
| 9. Subjects applied for Examination:- | |

| **REGULAR CANDIDATES** | | | | **IF APPEARING FOR FAILED SUBJECT, FURNISH THE FOLLOWING DETAILS** | | | |
|---|---|---|---|---|---|---|---|
| **Sl. No** | **Subject** | **Medium (Eng/Mal/Hin)** | **Grade (L/H/HS)** | **Previous Reg. No with month & year** | **Subject** | **Medium (Eng/Mal /Hin)** | **Grade (L/H/HS)** |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Those, who desire to appear for Computer Word Processing Examination, should pass KGTE Typewriting (English) Lower/Higher. Copy of the certificates attested by a Gazetted Officer should be attached with application.

| | |
|---|---|
| 10. Name and address of Institute in which candidate is studying | |
| 11. Details of Fee remitted:- Chalan No, Date, Name of Treasury,<br>Total amount in Chalan:<br>Fee remitted for candidate. | |
| Other Details:<br>Short Hand System (Pitmans/Pandala/Arul) | |

**DECLARATION**

I do hereby declare that the details furnished above are true and correct to best of my knowledge. I have the qualification to appear the subject I have applied. If any one of the facts furnished above is proved to be false, the sole responsibility shall be borne by me and I shall abide by all the penal action taken against me by the department.

Place:………………………………….                                        Name and Signature of the candidate

Date:………………………………….

## അനുബന്ധം - 2

## കേരള ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ (കോമേഴ്സ്), ഒക്ടോബർ - 2011

## ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്

**പരീക്ഷാർത്ഥിയുടെ പേര്** :
(എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലേത്)

**ജനനത്തീയതി** :
(എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലേത്)

**പരീക്ഷാർത്ഥിയുടെ പോസ്റ്റൽ വിലാസം** :

| |
|---|
| **പരീക്ഷാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കാനുള്ള സ്ഥലം** |

**സാക്ഷ്യപെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്**
**(ഫോട്ടോയുടെ പുറത്തിടണം)**

**ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യാഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും, ഓഫീസ് മുദ്രയും** :

**പരീക്ഷാർത്ഥിയുടെ ഒപ്പ് (അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)**
**ഓഫീസ് മുദ്ര ഫോട്ടോയിൽ പതിക്കരുത്**

---

## അനുബന്ധം - 3

## കേരള ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ (കോമേഴ്സ്),ഒക്ടോബർ - 2011

## അഡ്മിഷൻ ടിക്കറ്റ്

| |
|---|
| **സെന്റർ നം :** |

**രജിസ്റ്റർ ചെയ്ത കെ.ജി.റ്റി. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സ്ഥലവും** :

**പരീക്ഷാർത്ഥിയുടെ പേര് ഇംഗ്ലീഷിലും**
**മലയാളത്തിലും** :

**എൽ.ബി.എസ്. പരീക്ഷാ കേന്ദ്രത്തിന്റെ പേര്** :

**ജനനതീയതി :**

| വിഷയം | മാദ്ധ്യമം | ഗ്രേഡ് |
|---|---|---|

| |
|---|
| **പരീക്ഷാർത്ഥി യുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കാനുള്ള സ്ഥലം** |

**ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യാഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും, ഓഫീസ് മുദ്രയും** :

**സാക്ഷ്യപെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്**
**(ഫോട്ടോയുടെ പുറത്തിടണം)**

**പരീക്ഷാർത്ഥിയുടെ ഒപ്പ് (അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)**
**ഓഫീസ് മുദ്ര ഫോട്ടോയിൽ പതിക്കരുത്**

## അനുബന്ധം - 3 (1)

**കേരള ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ (കോമേഴ്സ്),ഒക്ടോബർ - 2011**

**ഉത്തരക്കടലാസിന് ലഭിച്ച മാർക്കുകളുടെ റീ കൗണ്ടിംഗിനുള്ള അപേക്ഷ**

1. പരീക്ഷാർത്ഥിയുടെ പേര് :
2. രജി. നമ്പർ :
3. പരീക്ഷാ കേന്ദ്രം :
4. റീ കൗണ്ടിംഗ്ന് ഉദ്ദേശിക്കുന്ന വിഷയത്തിന്റെ പേരും പേപ്പർ നമ്പരും :
5. റീ കൗണ്ടിംഗ്ന് ആവശ്യപ്പെടുന്ന വിഷയത്തിന് ലഭിച്ചിരിക്കുന്ന മാർക്കുകൾ :
6. അടച്ച ഫീസ്, ചെലാൻ നമ്പർ, തീയതി, ട്രഷറി (ഓരോ പേപ്പറിനും 50 രൂപ ഹെഡ് 0202-01-102-92 അദർ റസീപ്റ്റ്സ്) :
7. പരീക്ഷാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസവും പിൻ നമ്പരും: ഫോൺ നമ്പരും :

സ്ഥലം . . . . . .. . . . . .

തീയതി. . . . . . .. .. . . .

പരീക്ഷാർത്ഥിയുടെ ഒപ്പ്

കുറിപ്പ് - അസ്സൽ ചെല്ലാൻ രസീത് ഈ അപേക്ഷയോടൊപ്പം പിൻ ചെയ്ത് അയയ്ക്കേണ്ടതാണ്.

## അനുബന്ധം - 3 (2)

**കേരള ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ (കോമേഴ്സ്),ഒക്ടോബർ - 2011**

**ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ**

1. പരീക്ഷാർത്ഥിയുടെ പേര് :
2. രജിസ്റ്റർ .നമ്പർ :
3. കെ.ജി.ടി. പരീക്ഷാ കേന്ദ്രം :
4. പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ :
5. ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റിനു വേണ്ടി (0202-01-102-92 അദർ റസീപ്റ്റ്സ്)എന്ന അക്കൗണ്ട് ഹെഡിൽ അടച്ച 10 രൂപയുടെ ചെല്ലാൻ നമ്പർ, തീയതി, ട്രഷറി :
6. അസ്സൽ അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെടുവാനിടയായ സാഹചര്യം :
7. പരീക്ഷാർത്ഥിയുടെ വീടിന്റെ പൂർണ്ണമായ പോസ്റ്റൽ വിലാസം :

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും അസ്സൽ അഡ്മിഷൻ ടിക്കറ്റ് യാതൊരു സാഹചര്യത്തിലും ദുരുപയോഗപ്പെടുത്തിയിട്ടില്ലെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം . . . . . .. . . . . .

തീയതി. . . . . . .. .. . . .

പരീക്ഷാത്ഥിയുടെ ഒപ്പ്

**കുറിപ്പ്** - അസ്സൽ ചെല്ലാൻ രസീതും പൂർണ്ണമായി പൂരിപ്പിച്ച് ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്യിച്ച അഡ്മിഷൻ ടിക്കറ്റിന്റെ ഫാറവും ഇതോടൊപ്പം ചീഫ് സൂപ്രണ്ടിന്റെ ശുപാർശയോടെ അയയ്ക്കണം.

# അനുബന്ധം - 4

**കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ(കോമേഴ്സ് ഗ്രൂപ്പ്) ഒക്ടോബർ - 2011**

## ടൈംടേബിൾ

| ബാച്ച് | ഒന്നാം പേപ്പർ | രണ്ടാം പേപ്പർ |
|---|---|---|

### ടൈപ്പ്റൈറ്റിംഗ് - ഇംഗ്ളീഷ് (ലോവർ)

**24-10-2011 തിങ്കൾ**

| | | |
|---|---|---|
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| മൂന്ന് | വൈകിട്ട് 2.30 മുതൽ 2.40 വരെ | വൈകിട്ട് 3.00 മുതൽ 4.30 വരെ |

**25-10-2011 ചൊവ്വ**

| | | |
|---|---|---|
| നാല് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| ആറ് | വൈകിട്ട് 2.30 മുതൽ 2.40 വരെ | വൈകിട്ട് 3.00 മുതൽ 4.30 വരെ |

### ടൈപ്പ്റൈറ്റിംഗ് - മലയാളം (ലോവർ)

**24-10-2011 തിങ്കൾ**

| | | |
|---|---|---|
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| മൂന്ന് | വൈകിട്ട് 2.30 മുതൽ 2.40 വരെ | വൈകിട്ട് 3.00 മുതൽ 4.30 വരെ |

**25-10-2011 ചൊവ്വ**

| | | |
|---|---|---|
| നാല് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| ആറ് | വൈകിട്ട് 2.30 മുതൽ 2.40 വരെ | വൈകിട്ട് 3.00 മുതൽ 4.30 വരെ |

### ടൈപ്പ്റൈറ്റിംഗ് - ഹിന്ദി (ലോവർ)

**24-10-2011 തിങ്കൾ**

| | | |
|---|---|---|
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |

**25-10-2011 ചൊവ്വ**

| | | |
|---|---|---|
| മൂന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| നാല് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |

### ടൈപ്പ്റൈറ്റിംഗ് - ഇംഗ്ളീഷ് (ഹയർ)

**27-10-2011 വ്യാഴം**

| | | |
|---|---|---|
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| മൂന്ന് | വൈകിട്ട് 3.00 മുതൽ 3.10 വരെ | വൈകിട്ട് 3.30 മുതൽ 5.30 വരെ |

**28-10-2011 വെള്ളി**

| | | |
|---|---|---|
| നാല് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| ആറ് | വൈകിട്ട് 3.00 മുതൽ 3.10 വരെ | വൈകിട്ട് 3.30 മുതൽ 5.30 വ |

### ടൈപ്പ്റൈറ്റിംഗ് - മലയാളം (ഹയർ)

**27-10-2011 വ്യാഴം**

| | | |
|---|---|---|
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |

**28-10-2011 വെള്ളി**

| | | |
|---|---|---|
| മൂന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| നാല് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |

## ടൈപ്പ്റൈറ്റിംഗ് - ഹിന്ദി (ഹയർ)

## 27-10-2011 വ്യാഴം

| | | |
|---|---|---|
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| മുന്ന് | വൈകിട്ട് 3.00 മുതൽ 3.10 വരെ | വൈകിട്ട് 3.30 മുതൽ 45.30 വരെ |

## ടൈപ്പ്റൈറ്റിംഗ്- ഇംഗ്ളീഷ് (ഹൈസ്പീഡ്)

## 28-10-2011 വെള്ളി

| | |
|---|---|
| ഒന്ന് | രാവിലെ 9.40 മുതൽ 9.50 വരെ |

## ഷോർട്ട് ഹാൻഡ് - ഇംഗ്ളീഷ് (ലോവർ)

## 29-10-2011 ശനി

| | |
|---|---|
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.20 മുതൽ 10.25 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 2.00 മുതൽ 3.15 വരെ | രണ്ടാം പേപ്പർ തത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |

## ഷോർട്ട് ഹാൻഡ് - ഇംഗ്ളീഷ് (ഹയർ)

## 29-10-2011 ശനി

| | |
|---|---|
| രാവിലെ 9.30 മുതൽ 937 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.45 മുതൽ 11.15 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 12.00 മുതൽ 12.04 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 2.30 മുതൽ 2.37 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 2.45 മുതൽ 5.15 വരെ | മൂന്നാം പേപ്പർ വികസിപ്പിച്ചെഴുത്തും സംഗ്രഹിക്കലും (തിയറിയും) |

## ഷോർട്ട് ഹാൻഡ് - ഇംഗ്ളീഷ് (ഹൈസ്പീഡ്)

## 29-10-2011 ശനി

| | |
|---|---|
| രാവിലെ 10.40 മുതൽ 10.45 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 11.00 മുതൽ 12.15 വരെ | ഒന്നാം പേപ്പർ ലോങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 3.00 മുതൽ 3.05 വരെ | രണ്ടാം പേപ്പർ ഡിക്റ്റേഷൻ (കൺഡൻസേഷൻ) |
| ഉച്ചയ്ക്ക് 3.15 മുതൽ 4.30 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |

ഷോർട്ട് ഹാൻഡ് - മലയാളം (ലോവർ)

## 31-10-2011 തിങ്കൾ

| | |
|---|---|
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.20 മുതൽ 10.50 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ | രണ്ടാം പേപ്പർ തത്ത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |

## ഷോർട്ട് ഹാൻഡ് - മലയാളം (ഹയർ)

## 31-10-2011 തിങ്കൾ

| | |
|---|---|
| രാവിലെ 10.00 മുതൽ 10.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 10.20 മുതൽ 12.20 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 1.30 മുതൽ 1.34 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 1.35 മുതൽ 3.05 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 3.10 മുതൽ 3.17 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 3.20 മുതൽ 5.50 വരെ | മൂന്നാം പേപ്പർ സംഗ്രഹിക്കലും (തിയറിയും) |

# അനുബന്ധം -5

## കെ. ജി. ടി. ഇ. (കോമേഴ്സ് ഗ്രൂപ്പ്) സെന്റർ ലിസ്റ്റ് ഒക്ടോബർ 2011

| ക്രമ നമ്പർ | സെന്റർ കോഡ് | സെന്ററിന്റെ പേര് | എൽ. ബി. എസ്, സെന്റർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 11002 | *ഗവൺമെന്റ് എച്ച്. എസ്. കാസർഗോഡ് പി.ഒ പിൻ - 671121 | എൽ. ബി. എസ്. സബ് സെന്റർ കാഞ്ഞങ്ങാട് |
| 2. | 12001 | *ദുർഗ്ഗ എച്ച്. എസ്. കാഞ്ഞങ്ങാട് പിൻ - 671 315 | എൽ. ബി. എസ്. സബ് സെന്റർ കാഞ്ഞങ്ങാട് |
| 3. | 13002 | സെന്റ് മേരീസ് എച്ച്. എസ്. ചെറുപുഴ. പി.ഒ കണ്ണൂർ- 670 511 | എൽ. ബി. എസ്. സബ് സെന്റർ പയ്യന്നൂർ |
| 4. | 13005 | *ഗവൺമെന്റ് വി.എച്ച്. എസ്. കണ്ണൂർ പിൻ - 670 002 | എൽ. ബി. എസ്. റീജിയണൽ സെന്റർ, കണ്ണൂർ |
| 5. | 13013 | ചൊവ്വ എച്ച്. എസ്. എസ്. ചൊവ്വ, കണ്ണൂർ- 670 006 | എൽ. ബി. എസ്. റീജിയണൽ സെന്റർ, കണ്ണൂർ |
| 6. | 13024 | മൂത്തേടത്ത് എച്ച്. എസ്. തളിപ്പറമ്പ പി.ഒ- 670 141 | കോ-ഓപ്പറേറ്റീവ് കോളേജ് എൽ. ബി. എസ്. ലോക്കൽ സെന്റർ, തളിപ്പറമ്പ. |
| 7. | 13028 | ഗവൺമെന്റ് ബോയ്സ് എച്ച്. എസ്. ചെറുകുന്ന് പി. ഒ. 670 301 | യു.പി.ടെക്, എൽ.ബി.എസ്. ലോക്കൽ സെന്റർ, ചെറുകുന്ന് |
| 8. | 13101 | ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ പയ്യന്നൂർ - 670 307 | എൽ. ബി. എസ്. സബ് സെന്റർ പയ്യന്നൂർ |
| 9. | 14005 | *ബി. ഇ. എം. പി. ഹൈസ്കൂൾ തലശ്ശേരി- 670 101 | കോമഡെക്സ്. എൽ.ബി.എസ്. ലോക്കൽ സെന്റർ, തലശ്ശേരി |
| 10. | 14009 | ഗവൺമെന്റ് ഹൈസ്കൂൾ, ചെറക്കര, തലശ്ശേരി- 670 104 | കോമഡെക്സ്. എൽ.ബി.എസ്. ലോക്കൽ സെന്റർ, തലശ്ശേരി |
| 11. | 14032 | വി.പി. ഓറിയന്റൽ എച്ച്. എസ്. ചൊക്ലി- 670 672 | കോമഡെക്സ്. എൽ.ബി.എസ്. ലോക്കൽ സെന്റർ, പാനൂർ |
| 12. | 14040 | ഹൈസ്കൂൾ കൂത്തുപറമ്പ, തൊക്കിലങ്ങാടി പി.ഒ പിൻ. 670 643 | എൽ. ബി. എസ്. സബ് സെന്റർ കൂത്തുപ്പറമ്പ |
| 13. | 14064 | ജവഹർലാൽ നെഹറു ഗവൺമെന്റ് എച്ച്. എസ്. എസ്. മാഹി. 673 310 | കോമഡെക്സ്. എൽ.ബി.എസ്. ലോക്കൽ സെന്റർ, തലശ്ശേരി |
| 14. | 15006 | ഗവൺമെന്റ് വി.എച്ച്.എസ്. എസ്. മാനന്തവാടി പിൻ. 670 645 | . എൽ. ബി.എസ്.സെന്റർ കണിയാംബെറ്റ, വയനാട് |

| | | | |
|---|---|---|---|
| 15. | 15022 | *എസ്. കെ. എം. ജെ. എച്ച്. എസ്. എസ്<br>കൽപ്പറ്റ 673121 | എൽ. ബി.എസ്.സെന്റർ<br>കണിയാംബെറ്റ, വയനാട് |
| 16. | 15053 | ഗവൺമെന്റ് സർവജന എച്ച്. എസ്. എസ്.<br>സുൽത്താൻബത്തേരി. 673592 | . എൽ. ബി.എസ്.സെന്റർ<br>കണിയാംബെറ്റ, വയനാട്<br>. |
| 17. | 16004 | *ഗവൺമെന്റ് സംസ്കൃത ഹയർ സെക്കന്ററി<br>സ്കൂൾ വടകര, മേപ്പായിൽ. പി.ഒ 673109 | . ഇൻഫോടെക്, എൽ.ബി.എസ്.<br>ലോക്കൽ സെന്റർ, കൊയിലാണ്ടി. |
| 18. | 16046 | ഗവൺമെന്റ് വി.എച്ച്. എസ്. എസ്. ഫോർ<br>ബോയ്സ, കൊയിലാണ്ടി- 673. 305 | ഇൻഫോടെക്, എൽ.ബി.എസ്.<br>ലോക്കൽ സെന്റർ, കൊയിലാണ്ടി. |
| 19. | 17001 | ഗവൺമെന്റ് ഗണപത് എച്ച്. എസ്. ഫോർ<br>ബോയിസ്, ചാലപ്പുറം, കോഴിക്കോട്- 673 002 | എൽ. ബി. എസ്. റീജിയണൽ<br>യൂണിറ്റ്, കോഴിക്കോട് |
| 20. | 17015 | ഗവൺമെന്റ് എച്ച്.എസ്. കാരപറമ്പ,<br>കോഴിക്കോട് -10 | എൽ. ബി. എസ്. റീജിയണൽ<br>സെന്റർ, കോഴിക്കോട് |
| 21. | 17021 | *ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്.<br>കോഴിക്കോട് -673 001 | എൽ. ബി. എസ്. റീജിയണൽ<br>സെന്റർ, കോഴിക്കോട് |
| 22. | 17075 | ഗവൺമെന്റ് ഗണപത് വി.എച്ച്. എസ്. എസ്.<br>ഫെറോക്ക്, കോഴിക്കോട് 673 631 | എൽ. ബി.എസ്. റീജിയണൽ<br>സെന്റർ, കോഴിക്കോട് |
| 23. | 18013 | *ഗവൺമെന്റ് എച്ച്. എസ്. ഫോർ ബോയ്സ്.<br>മലപ്പുറം 676519 | എൽ.ബി.എസ്. സബ് സെന്റർ<br>മഞ്ചേരി |
| 24. | 18021 | ഗവൺമെന്റ് എച്ച്. എസ്. ഫോർ ബോയ്സ്,<br>മഞ്ചേരി- 676 121 | എൽ.ബി.എസ്. സബ് സെന്റർ<br>മഞ്ചേരി |
| 25. | 18058<br>679322 | ഗവൺമെന്റ് എച്ച്. എസ്.എസ്. പെരിന്തൽമണ്ണ<br>മഞ്ചേരി | എൽ.ബി.എസ്. സബ് സെന്റർ |
| 26. | 19016 | *ഗവൺമെന്റ് ബോയ്സ് എച്ച്. എസ്. എസ്.<br>തിരൂർ- 676 105 | എൽ. ബി.എസ്. ലോക്കൽ<br>സെന്റർ<br>ലിനോക്സ് എന്റർപ്രൈസസ്,<br>27/55 ബി. ഉണ്ണിയാർ റോഡ്,<br>പൂക്കായിൽ, തിരൂർ- 7 |
| 27. | 19044 | എ.വി. ഹൈസ്കൂൾ, പൊന്നാനി- 679 577 | എൽ. ബി.എസ്. സബ്. സെന്റർ<br>ഗുരുവായൂർ |
| 28. | 20002 | ഗവൺമെന്റ് എച്ച്. എസ്. വട്ടേനാട്, കുറ്റനാട്,<br>പാലക്കാട്- 679 533 | എൽ.ബി. എസ്. സബ് സെന്റർ<br>കുന്നംകുളം |
| 29. | 20022 | കെ.വി. ആർ ഹൈസ്കൂൾ, ഷൊർണ്ണൂർ- 679 121 | എൽ.ബി. എസ്. സബ്. സെന്റർ,<br>കുന്നംകുളം |

| | | | |
|---|---|---|---|
| 30. | 20027 | *എൻ. എസ്. എസ്. കെ.പി.റ്റി. ഹൈസ്കൂൾ, ഒറ്റപ്പാലം -679 101. | എൽ.ബി.എസ്.സബ്. സെന്റർ, കുന്നംകുളം |
| 31. | 20043 | ഗവൺമെന്റ് എച്ച.എസ്, ചെർപ്പുളശ്ശേരി 679 503 | എൽ.ബി.എസ്.സബ്. സെന്റർ, കുന്നംകുളം |
| 32. | 21006 | ഗവൺമെന്റ് എച്ച. എസ്. കിഴക്കഞ്ചേരി 678684 | എൽ.ബി.എസ്.സബ്. സെന്റർ, ആലത്തൂർ |
| 33. | 21012 | പാലക്കാട് എച്ച. എസ്. ആലത്തൂർ പാലക്കാട്- 678 541 | എൽ.ബി.എസ്.സബ്. സെന്റർ, ആലത്തൂർ |
| 34. | 21019 | ഗവൺമെന്റ് എച്ച. എസ്. കൊടുവായൂർ 678508 | എൽ.ബി.എസ്.സബ്. സെന്റർ, ആലത്തൂർ |
| 35. | 21027 | ഗവൺമെന്റ് ബോയ്സ് എച്ച.എസ്.എസ്. നെൻമാറ 678 508 | എൽ.ബി.എസ്.സബ്. സെന്റർ, ആലത്തൂർ |
| 36. | 21041 | ഗവൺമെന്റ് വിക്ടോറിയ ഗേൾസ് എച്ച.എസ്.എസ്. ചിറ്റൂർ -678 101 | എൽ.ബി.എസ്.സബ്. സെന്റർ, ആലത്തൂർ |
| 37. | 21055 | *പി.എം.ജി.എച്ച്.എസ്.എസ്. പാലക്കാട്-678 101 | എൽ.ബി.എസ്.സബ്. സെന്റർ, പാലക്കാട് |
| 38. | 21057 | ബി. ഇ.എം.എച്ച.എസ്. പാലക്കാട്- 678 014 | എൽ.ബി.എസ്.സബ്. സെന്റർ, പാലക്കാട് |
| 39. | 21084 | കെ. റ്റി. എം. എച്ച്. എസ്. മണ്ണാർക്കാട്. 678 582 | എൽ.ബി.എസ്.സബ്. സെന്റർ, പാലക്കാട് |
| 40. | 22019 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. അയ്യന്തോൾ, തൃശ്ശൂർ-3 | എൽ.ബി.എസ്. റീജിയണൽ, സെന്റർ. തൃശ്ശൂർ |
| 41 | 22055 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, തൃശ്ശൂർ-680 020 | എൽ.ബി.എസ്. റീജിയണൽ സെന്റർ. തൃശ്ശൂർ |
| 42. | 22056 | *ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്, ഫോർ ബോയ്സ്, തൃശ്ശൂർ 680 020 | എൽ.ബി.എസ്. റീജിയണൽ, സെന്റർ. തൃശ്ശൂർ |
| 43. | 23005 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ചാലക്കുടി 680731 | എൽ.ബി.എസ്. റീജിയണൽ, സെന്റർ. തൃശ്ശൂർ |
| 44. | 23012 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊടുങ്ങല്ലൂർ 680664 | എൽ.ബി.എസ്.റീജിയണൽ സെന്റർ, തൃശ്ശൂർ |
| 45. | 23021 | *ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്.എസ്.എസ്. ഇരിഞ്ഞാലക്കുട- 680 121 | എൽ.ബി.എസ്. റീജിയണൽ, സെന്റർ. തൃശ്ശൂർ |
| 46 | 23042 | എം.എ.എം. എച്ച്.എസ്. കൊരട്ടി, തൃശ്ശൂർ -680 306 | എൽ.ബി.എസ്. റീജിയണൽ, സെന്റർ. തൃശ്ശൂർ |

| | | | |
|---|---|---|---|
| 47. | 23046 | സെന്റ് ആന്റണീസ് എച്ച്.എസ്.എസ്., മാള<br>പിൻ-680 732 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. തൃശ്ശൂർ |
| 48. | 24001 | ഗവൺമെന്റ് മോഡൽ എച്ച്.എസ്. എസ്. ചേലക്കര,<br>തൃശ്ശൂർ-680 586 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. തൃശ്ശൂർ |
| 49 | 24012 | ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്. ഫോർ ഗേൾസ്,<br>കുന്നംകുളം- 680 503 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. തൃശ്ശൂർ |
| 50. | 24033 | ഗവൺമെന്റ് എച്ച്.എസ്.എസ്. വടക്കാഞ്ചേരി,<br>തൃശ്ശൂർ - 680 582 | എൽ.ബി.എസ്.സബ് സെന്റർ.<br>ആലത്തൂർ |
| 51. | 24044 | *ഗവൺമെന്റ് എച്ച്.എസ്. എസ്. ചാവക്കാട്<br>680506 | എൽ.ബി.എസ്.സബ് സെന്റർ.<br>ഗുരുവായൂർ |
| 52. | 24056 | ഗവൺമെന്റ് വി.എച്ച്.എസ്. എസ്. വലപ്പാട്-680 567<br>എൽ.ബി.എസ്.ലോക്കലൽ | അൽ-നൂർ ടെക്നിക്കൽ<br>കോളേജ്,<br>സെന്റർ. വാടനാപ്പള്ളി. |
| 53. | 25067 | *ഗവൺമെന്റ് എച്ച്.എസ്.എസ്. നോർത്ത് പറവൂർ -683513 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 54. | 25084 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കളമശ്ശേരി | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 55. | 26011 | റ്റി. ഡി. എച്ച്. എസ്. മട്ടാഞ്ചേരി, കൊച്ചി -682 002 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 56. | 26035 | *ഗവൺമെന്റ് എച്ച്. എസ്.എസ്. ഫോർ ഗേൾസ്<br>എറണാകുളം -682 016 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 57. | 26044 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. മംഗയിൽ, മരട്<br>പി.ഒ. 682 304 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 58. | 26045 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്, മുളന്തുരുത്തി<br>682314 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 59. | 26052 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഞാറയ്ക്കൽ -682 505 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 60. | 26056 | എസ്.ഡി.പി. വൈ.ബി.എച്ച്. എസ്.എസ്. പള്ളുരുത്തി<br>682006 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 61. | 26060 | ഗവൺമെൻറ് എച്ച്.എസ്. ഇടപ്പള്ളി - 682024 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |
| 62. | 26070 | ഗവൺമെന്റ് എച്ച്. എസ്. എസ്. തൃപ്പൂണിത്തുറ-682301 | എൽ.ബി.എസ്. റീജിയണൽ,<br>സെന്റർ. കളമശ്ശേരി |

| | | | |
|---|---|---|---|
| 63. | 27006 | ഗവൺമെന്റ് ബി. എച്ച്.എസ്.എസ്. പെരുമ്പാവൂർ 683 542 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 64. | 27023 | *സെന്റ് ജോർജ് എച്ച്. എസ്.എസ്. കോതമംഗലം- 686 691 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 65. | 28004 | *ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്. മൂവാറ്റുപുഴ 686661 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 66. | 29015 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. വാഴത്തോപ്പ്, ഇടുക്കി 685602 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 67. | 29025 | *ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൊടുപ്പുഴ- 685 584 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 68. | 29043 | ഗവൺമെന്റ് എച്ച്. എസ്. എസ്. രാജക്കാട് (വഴി) പൊൻമുടി ഹൈറേഞ്ച്-685 566 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി. |
| 69. | 30001 | ഗവൺമെന്റ് എച്ച്.എസ്.എസ്. മൂന്നാർ -685 612 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 70. | 30020 | *സെന്റ് ജോർജ് എച്ച്.എസ്.എസ്. കട്ടപ്പന 685 505 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 71. | 30022 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്. എച്ച്.എസ്.എസ്. ആന്റ് റ്റി. റ്റി. ഐ. കുമിളി -685 509 | എൽ.ബി.എസ്. ലോക്കൽ ജി.എം.ഡി.സി. കമ്പ്യൂട്ടേഴ്സ് തൊടുപുഴ, ഈസ്റ്റ് ഇടുക്കി |
| 72. | 31047 | ഗവൺമെന്റ് വി. എച്ച്. എസ്.എസ്. ഏറ്റുമാനൂർ 686631 | എൽ. ബി. എസ്. സബ്, സെന്റർ ഏറ്റുമാനൂർ |
| 73. | 31086 | *ഗവൺമെന്റ് എച്ച്.എസ്.എസ്. പാല, പിൻ-686 575 | എൽ. ബി. എസ്. സബ്, സെന്റർ ഏറ്റുമാനൂർ |
| 74. | 32032 | പേട്ട ഗവൺമെന്റ് എച്ച്.എസ്. കാഞ്ഞിരപ്പള്ളി -686507 | എൽ. ബി. എസ്. സബ്, സെന്റർ പാമ്പാടി |
| 75. | 32038 | എൻ.എസ്,എസ്,എച്ച്.എസ്.എസ്. കറുകച്ചാൽ- 686540 | എൽ. ബി. എസ്. സബ്, സെന്റർ പാമ്പാടി |
| 76. | 32051 | *ഗവൺമെന്റ് വി.എച്ച്.എസ്.എസ്. പൊൻകുന്നം, പിൻ-686 056 | എൽ. ബി. എസ്. സബ്, സെന്റർ പാമ്പാടി |
| 77 | 33015 | ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്, ചങ്ങനാശ്ശേരി, പിൻ -686 101 | എൽ. ബി. എസ്. സബ്, സെന്റർ പാമ്പാടി |
| 78. | 33027 | *ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്. കോട്ടയം-686 001 | എൽ. ബി. എസ്. സബ്, സെന്റർ |

| | | | |
|---|---|---|---|
| | | | പാമ്പാടി |
| 79. | 33067 | എം.ജി. എം. എച്ച്. എസ്, പാമ്പാടി- 686 502 | എൽ. ബി. എസ്. സബ്, സെന്റർ<br>പാമ്പാടി |
| 80. | 34006 | ഗവൺമെന്റ് എച്ച്.എസ്.എസ്. കലവൂർ- 688 522 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 81. | 34023 | *എസ്.എൻ.എം. ഗവൺമെന്റ് എച്ച്. എസ്. ഫോർ ബോയിസ്<br>ചേർത്തല 688524 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 82. | 34028 | റ്റി. ഡി. എച്ച്. എസ്. എസ്. തുറവൂർ, തിരുമുൽഭാഗം-688 540 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 83. | 34041 | എസ്.സി. എസ്, ഹൈസ്കൂൾ, വളമംഗലം, തുറവൂർ<br>688532 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 84. | 35013 | റ്റി. ഡി. എച്ച്. എസ്. എസ്. ആലപ്പുഴ- 688 011 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 85 | 35014 | * ഗവൺമെന്റ് എച്ച്. എസ്. എസ്. ഫോർ ഗേൾസ്, ആലപ്പുഴ<br>ഇരുമ്പുപാലം- 688 011 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 86. | 35018 | ഗവൺമെന്റ് എച്ച്. എസ്. എസ്. അമ്പലപ്പുഴ- 688 561 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 87. | 35027 | ഗവൺമെന്റ് എച്ച്. എസ്. എസ്, ഫോർ ബോയ്സ്<br>ഹരിപ്പാട് 690 514 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 88. | 36006 | ഗവൺമെന്റ് എച്ച്. എസ്. എസ്. ഫോർ ഗേൾസ്.<br>ചെങ്ങന്നൂർ -690 121 | എൽ. ബി. എസ്. സബ്, സെന്റർ<br>ആലപ്പുഴ |
| 89. | 36021 | എൻ. എസ്. എച്ച്. എസ്. എസ് മാന്നാർ -690 101 | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 90. | 36025 | *ഗവൺമെന്റ് വി. എച്ച്,എസ്.എസ്. മാവേലിക്കര-689 622 | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 91. | 36045 | ഗവൺമെന്റ് എച്ച്. എസ്. എസ്. കായംകുളം - 690 502 | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 92. | 37046 | *ഗവൺമെന്റ് മോഡൽ എച്ച്, എസ്. ഫോർ ഗേൾസ്<br>തിരുവല്ല | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 93. | 38001 | ഗവൺമന്റ് ബോയിസ് എച്ച്. എസ്, എസ്, അടൂർ-691 523 | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 94. | 38021 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കലഞ്ഞൂർ<br>689 694. | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |
| 95. | 38035 | അമൃത വി.എച്ച്. എസ്. എസ്. കോന്നി- 689 691. | എൽ. ബി. എസ്. സബ്, സെന്റർ<br>അടൂർ |

96. 38039 സെന്റ് തോമസ് എച്ച്.എസ്.എസ്. കോഴഞ്ചേരി എൽ. ബി. എസ്. സബ്, സെന്റർ
അടൂർ

97. 38060 *ഗവൺമെന്റ് എച്ച്. എസ്. എസ്, & വി.എച്ച്.എസ്. എസ്, എൽ. ബി. എസ്. സബ്, സെന്റർ
പത്തനംതിട്ട അടൂർ

98. 38068 എം. എസ്. എച്ച്. എസ്. എസ്സ്. റാന്നി എൽ. ബി. എസ്. സബ്, സെന്റർ
അടൂർ

99. 38092 എൻ. എസ്. എസ്. എച്ച്. എസ്. ഫോർ ബോയിസ് എൽ. ബി. എസ്. സബ്, സെന്റർ
പന്തളം 689 501 അടൂർ

100 39004 ഗവൺമെന്റ് എച്ച്. എസ്. എസ്. ശാസ്താംകോട്ട എൽ. ബി. എസ്.റീജിയണൽ,
689 501 സെന്റർ കൊല്ലം

101. 39012 *ഗവൺമെന്റ് വി. എച്ച്. എസ്. എസ്. & ബി. എച്ച്. എസ് എൽ. ബി. എസ്. സബ്, സെന്റർ
കൊട്ടാരക്കര 691 506 അടൂർ

102. 39032 ഡി.വി.വി.എച്ച്. എസ്. എസ്. തലവൂർ, കൊല്ലം എൽ. ബി. എസ്. സബ്, സെന്റർ
691514 അടൂർ

103. 40004 ഗവൺമെന്റ് വി. എച്ച്. എസ്. എസ്. അഞ്ചൽ ഈസ്റ്റ് -691 306 എൽ. ബി. എസ്., സെന്റർ
നിലമേൽ

104. 40015 *ഗവൺമെന്റ് എച്ച്. എസ്. എസ്. പുനലൂർ എൽ. ബി. എസ്. സബ്, സെന്റർ
691305 നിലമേൽ

105. 40031 ഗവൺമെന്റ് വി. എച്ച്. എസ്. എസ്. കടയ്ക്കൽ- 691 536 എൽ. ബി. എസ്. സബ്, സെന്റർ
നിലമേൽ

106. 41006 ഗവൺമെന്റ് എച്ച്. എസ്. എസ്. ചാത്തന്നൂർ എൽ. ബി. എസ്. റീജിയണൽ
691 572 സെന്റർ കൊല്ലം

107. 41031 എച്ച്. എസ്. എസ്. ഫോർ ബോയിസ്, കരുനാഗപ്പള്ളി എൽ. ബി. എസ്. ലോക്കൽ
690 518 സെന്റർ കരുനാഗപ്പള്ളി.

108. 41041 എം. ജി. ഡി. എച്ച്. എസ്. ഫോർ ബോയ്സ്, കുണ്ടറ എൽ.ബി.എസ്. റീജിയണൽ
691 501. സെന്റർ , കൊല്ലം

109. 41056 *ഗവൺമെന്റ് എച്ച്. എസ്. എസ്. തേവള്ളി, കൊല്ലം എൽ.ബി.എസ്. റീജിയണൽ
692 009 സെന്റർ കൊല്ലം

110. 41057 ഗവൺമെന്റ് എച്ച്. എസ്. കൊല്ലം വെസ്റ്റ്, തിരുമുല്ലാവാരം പി.ഒ എൽ.ബി.എസ്. റീജിയണൽ
691 012 സെന്റർ കൊല്ലം

111. 41059 ഗവൺമെന്റ് എച്ച്. എസ്. അഞ്ചാലുംമൂട്, പെരിനാട്, കൊല്ലം എൽ.ബി.എസ്. റീജീയണൽ
691 601 സെന്റർ കൊല്ലം

112. 42006 *ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ, ആറ്റിങ്ങൽ പൂർണ്ണ സ്കൂൾ ഓഫ് ഐ.ടി.
695 101 എൽ.ബി.എസ്. ലോക്കൽ
സെന്റർ , വർക്കല

| | | | |
|---|---|---|---|
| 113. | 42008 | ഗവൺമെന്റ് എച്ച്.എസ്. ഫേർ ഗേൾസ്, ആറ്റിങ്ങൽ 695 101 | പൂർണ്ണ സ്കൂൾ ഓഫ് ഐ.ടി. എൽ.ബി.എസ്. ലോക്കൽ സെന്റർ , വർക്കല |
| 114. | 42025 | ഗവൺമെന്റ് എച്ച്. എസ്. എസ്. കിളിമാനൂർ, തിരുവനന്തപുരം 695 601 | എൽ.ബി.എസ് സെന്റർ , നിലമേൽ |
| 115. | 42029 | എസ്. കെ. വി. എച്ച്. എസ്. നന്ദിയോട്, തിരുവനന്തപുരം 695 562 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 116. | 42042 | ഗവൺമെന്റ് എച്ച്. എസ്. എസ്, ഫോർ ഗേൾസ്, നെടുമങ്ങാട്, തിരുവനന്തപുരം 695 541 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 117. | 42058 | ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്. വർക്കല, തിരുവനന്തപുരം695 141 | പൂർണ്ണ സ്കൂൾ ഓഫ് ഐ.ടി. എൽ.ബി.എസ്. ലോക്കൽ സെന്റർ , വർക്കല |
| 118. | 43005 | മുസ്ലിം എച്ച്. എസ്. ഫോർ ബോയ്സ്, കണിയാപുരം 695 615 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 119. | 43014 | ഗവൺമെന്റ് എച്ച്. എസ്. ഫോർ ഗേൾസ്, കന്യാകുളങ്ങര തിരുവനന്തപുരം695 615 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 120. | 43026 | ഗവൺമെന്റ് എച്ച്. എസ്. ശ്രീകര്യം, തിരുവനന്തപുരം 695 017 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 121. | 43033 | ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്. എസ്. എസ്. തിരുവനന്തപുരം 695 011 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 122. | 43035 | ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്. ഫോർ ഗേൾസ് പട്ടം, തിരുവനന്തപുരം 695 004 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 123. | 43038 | ഗവൺമെന്റ് വി. എച്ച്. എസ്. എസ്. വട്ടിയൂർക്കാവ് തിരുവനന്തപുരം 695 013 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 124. | 43040 | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. പേരൂർക്കട, തിരുവനന്തപുരം 695 005 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 125. | 43072 | ഗവൺമെന്റ് വി. ആന്റ് എച്ച്. എസ്. എസ്. ഗേൾസ് മണക്കാട്, തിരുവനന്തപുരം 695 027 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 126. | 43076 | ഗവൺമെന്റ് ഗേൾസ് എച്ച്. എസ്. എസ്, കരമന, തിരുവനന്തപുരം 695 002 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 127. | 43082 | *ഗവൺമെന്റ് സെൻട്രൽ ഹൈസ്ക ൂൾ, കിഴക്കേക്കോട്ട തിരുവനന്തപുരം 695 023 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 128. | 43083 | *എസ്. എം. വി. ഗവ. മോഡൽ എച്ച്. എസ്. എസ്. തിരുവനന്തപുരം 695 023 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 129. | 43090 | ഗവൺമെന്റ് എച്ച്. എസ്. ജഗതി, തിരുവനന്തപരും 695 014 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |

| | | | |
|---|---|---|---|
| 130. | 44002 | ഗവൺമെന്റ് വി. എച്ച്. എസ്. എസ്. പൂവ്വാർ, നെയ്യാറ്റിൻകര തിരുവനന്തപുരം 695 525 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 131. | 44012 | ഗവൺമെന്റ് എച്ച്. എസ്. ഫോർ ഗേൾസ്, കാഞ്ഞിരംകുളം നെയ്യാറ്റിൻകര 695 524 | എൽ. ബി. എസ്. സെന്റർ തിരുവനന്തപുരം |
| 132. | 44019 | ഗവൺമെന്റ് എച്ച്. എസ്. എസ്. കുളത്തുമ്മൽ, കാട്ടാക്കട 695 572 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 133. | 44022 | ഗവൺമെന്റ് വി. എച്ച്. എസ്. എസ്. മലയിൻകീഴ് 695 571 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 134. | 44025 | സെന്റ് സേവ്യേഴ്സ് എച്ച്. എസ്. എസ്. പേയാട് 695 573 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 135. | 44035 | *ഗവൺമെന്റ് എച്ച്. എസ്. എസ്. നെയ്യാറ്റിൻകര 695 121 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 136. | 44041 | ഗവൺമെന്റ് വി. എച്ച്. എസ്. എസ്, പാറശാല 695 502 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 137. | 44046 | വി.പി. എസ്. എച്ച്. എസ്. ഫോർ ബോയ്സ്, വെങ്ങാനൂർ 695 235 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 138. | 44059 | ഗവൺമെന്റ് എച്ച്. എസ്. എസ്. ബാലരാമപുരം 695 501 തിരുവനന്തപുരം | എൽ. ബി. എസ്. സെന്റർ |
| 139. | 45008 | *ഗവൺമെന്റ് എച്ച്. എസ്. എസ്. ഫോർ ബോയ്സ്, വൈക്കം-686 142 | എൽ. ബി. എസ്. സബ് സെന്റർ ഏറ്റുമാനൂർ |
| 140. | 45020 | ഗവൺമെന്റ് എച്ച്. എസ്. എസ്. പെരുവ, കോട്ടയം 686 610 ഏറ്റുമാനൂർ | എൽ. ബി. എസ്. സബ് സെന്റർ |
| 141. | 46042 | *എ. റ്റി. ഗവൺമെന്റ് വി.എച്ച്. എസ്. എസ്. മങ്കൊമ്പ് 688 502 ആലപ്പുഴ | എൽ. ബി. എസ്. സബ് സെന്റർ |
| 142. | 47031 | പേരാംമ്പ്ര എച്ച്. എസ്.എസ് , പേരാംമ്പ്ര- 673 525 | എൽ.ബി.എസ്.റീജിയണൽ സെന്റർ, കോഴിക്കോട് |
| 143. | 47072 | ഗവ. വി.എച്ച്. എസ്. താമരശ്ശേരി, കോഴിക്കോട് 673 572 സെന്റർ, കോഴിക്കോട് | എൽ. ബി. എസ്.റീജിയണൽ |
| 144. | 47107 | *ഗവൺമെന്റ് വി. എച്ച്. എസ്. ഫോർ ബോയ്സ് ബലുശ്ശേരി -673 612 | ഇൻഫോടെക്, എൽ.ബി.എസ്. ലോക്കൽ സെന്റർ, സ്റ്റേറ്റ് ബാങ്കിനു സമീപം, കൊയിലാണ്ടി |
| 145. | 48035 | *ഗവൺമെന്റ് മാനവേദൻ വി.എച്ച്.എസ്. നിലമ്പൂർ മലപ്പുറം. 679 329 | എൽ.ബി.എസ്. ലോക്കൽ സെന്റർ ലിനോക്സ് എന്റർപ്രൈസസ് തിരൂർ |